LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം, ഉപകേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, സർക്കാർ ആശുപത്രികൾ എന്നിവ വഴി നിശ്ചിത ദിവസങ്ങളിൽ വാക്സിനേഷൻ നൽകുന്നു. ഇതുകൂടാതെ നിശ്ചിത ദിവസങ്ങളിൽ അങ്കണവാടികൾ മുഖേനയും വാക്സിൻ നൽകുന്നു. ടൈബൽ മേഖലകളിൽ ടൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സഹായത്തോടെ അവിടത്തെ കുട്ടികൾക്ക് വാക്സിനേഷൻ നൽകുന്നു. ഏതെങ്കിലും വാക്സിൻ എടുക്കാൻ വിട്ടുപോയ കുട്ടികൾക്ക് ഫീൽഡ് ജീവനക്കാരുടെ സഹായത്തോടെ പ്രത്യേക പരിപാടി വഴി വാക്സിൻ നൽകുന്നു. വാക്സിൻ എടുക്കുവാൻ വിമുഖത കാണിക്കുന്ന കുടുംബത്തിലെ കുട്ടികൾക്ക് വാക്സിൻ നൽകുന്നതിനായി അവരുടെ മാതാപിതാക്കൾക്ക് ബോധവൽക്കരണം നൽകുന്നു. വാക്സിനേഷൻ കുറവുള്ള ജില്ലകളിൽ 'മിഷൻ ഇന്ദ്രധനുഷ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം

210 (1576) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് വികസനത്തിനായി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർവ്വഹിക്കുന്നതിന് 187.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രേഖ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ 'ഹൈറ്റ്സ്' തയ്യാറാക്കിവരികയാണ്.

(ബി) മെഡിക്കൽ കോളേജിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

കോവിഡ് ഇതര ചികിത്സാ സൗകര്യങ്ങൾ

211 (1577) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഏതാണ്ട് പൂർണമായും കോവിഡ് ചികിത്സാകേന്ദ്രങ്ങളായി മാറിയ ഗുരുതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ പൂർണ്ണമായി കോവിഡ് ആശുപത്രികൾ ആക്കിയിട്ടില്ല. മെഡിക്കൽ കോളേജുകളിൽ കൂടുതൽ കോവിഡ് രോഗികൾ അഡ്മിറ്റ് ആയതിനാൽ കോവിഡ് രോഗികൾക്ക് കിടക്കകൾ നീക്കിവച്ചിരുന്നെങ്കിലും മറ്റെല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സകൾ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. നിശ്ചിത ശതമാനം കിടക്കകൾ കോവിഡ് ഇതര ചികിത്സയ്ക്കായി മാറ്റിവച്ചിട്ടുണ്ട്.

(ബി) അർബുദം, ഹൃദ്രോഗം, വൃക്കരോഗം, ന്യൂറോളജി തുടങ്ങി വിവിധ വിഭാഗങ്ങളിൽ ചികിത്സ നിലച്ചതിനെ തുടർന്ന് രോഗികൾക്കുണ്ടായിട്ടുള്ള വലിയ ആശങ്ക പരിഹരിക്കുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അർബുദം, ഹൃദ്രോഗം, വൃക്കരോഗം, ന്യൂറോളജി തുടങ്ങിയ എല്ലാ സ്പെഷ്യാലിറ്റി ചികിത്സയും മെഡിക്കൽ കോളേജുകളിൽ ഇപ്പോഴും ലഭ്യമാണ്. രോഗികളുടെ സൗകര്യാർത്ഥം ഇ-ഹെൽത്ത്, ഇ-സഞ്ജീവനി എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വീട്ടിലിരുന്നു തന്നെ ഡോക്ടറെ കാണുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം

212 (1578) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ എത്ര ഡോക്ടർമാരുണ്ടെന്നും, ഏതൊക്കെ ജില്ലകളിൽനിന്നായി മാസത്തിൽ എത്ര രോഗികൾ ഈ ആശുപത്രിയിൽ എത്തുന്നുണ്ടെന്നും വ്യക്തമാക്കാമോ?

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ 3 തസ്തികകളിൽ ഒരു പ്രൊഫസറും ഒരു അസിസ്റ്റന്റ് പ്രൊഫസറുമുൾപ്പെടെ 2 ഡോക്ടർമാർ നിലവിലുണ്ട്. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽനിന്നായി മാസത്തിൽ ഏകദേശം 500 രോഗികളിൽ കൂടുതൽ ഈ വിഭാഗത്തിൽ ചികിൽസയ്ക്കായി എത്തുന്നുണ്ട്.

(ബി) ആഴ്ചയിൽ എത്ര സർജറികൾ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഈ വകുപ്പിൽ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ?